GLORIA FELLOWSHIP - MEMORY VERSES

| DATE | REF | VERSE |
|---|---|---|
| 2-Jan-21 | റോമർ 6:14 | നിങ്ങൾ ന്യായപ്രമാണത്തിന്നല്ല, കൃപെക്കത്രെ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ. |
| | Romans 6:14 | For sin shall no longer be your master, because you are not under the law, but under grace. |
| 9-Jan-21 | യോഹന്നാൻ 14:15 | നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും. |
| | John 14:15 | "If you love me, keep my commands |
| 16-Jan-21 | സങ്കീർത്തനങ്ങൾ 16:11 | ജീവന്റെ വഴി നീ എനിക്കു കാണിച്ചുതരും; നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും നിന്റെ വലത്തുഭാഗത്തു എന്നും പ്രമോദങ്ങളും ഉണ്ടു. |
| | Psalm 16:11 | You make known to me the path of life; you will fill me with joy in your presence, with eternal pleasures at your right hand. |
| 23-Jan-21 | യെശയ്യാവ് 26:4 | യഹോവയാം യാഹിൽ ശാശ്വതമായോരു പാറ ഉള്ളതിനാൽ യഹോവയിൽ എന്നേക്കും ആശ്രയിപ്പിൻ. |
| | Isaiah 26:4 | Trust in the Lord forever, for the Lord, the Lord himself, is the Rock eternal. |
| 30-Jan-21 | യെശയ്യാവ് 41:13 | നിന്റെ ദൈവമായ യഹോവ എന്ന ഞാൻ നിന്റെ വലങ്കൈ പിടിച്ചു നിന്നോടു: ഭയപ്പെടേണ്ടാ, ഞാൻ നിന്നെ സഹായിക്കും എന്നു പറയുന്നു. |
| | Isaiah 41:13 | For I am the Lord your God who takes hold of your right hand and says to you, Do not fear; I will help you. |
| 6-Feb-21 | യെശയ്യാവ് 43:23 | നീ വെള്ളത്തിൽകൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടി ഇരിക്കും; നീ നദികളിൽകൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവികയില്ല; നീ തീയിൽകൂടി നടന്നാൽ വെന്തു പോകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയുമില്ല. നിന്റെ ദൈവവും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ; നിന്റെ മറുവിലയായി ഞാൻ മിസ്രയീമിനെയും നിനക്കു പകരമായി കൂശിനെയും സെബയെയും കൊടുത്തിരിക്കുന്നു. |
| | Isaiah 43:2-3 | When you pass through the waters, I will be with you; and when you pass through the rivers, they will not sweep over you. When you walk through the fire,you will not be burned; the flames will not set you ablaze. For I am the Lord your God, the Holy One of Israel, your Savior; I give Egypt for your ransom, Cush and Seba in your stead. |
| 13-Feb-21 | 1 കൊരിന്ത്യർ 8:3 | ഒരുത്തൻ ദൈവത്തെ സ്നേഹിക്കുന്നു എങ്കിലോ അവനെ ദൈവം അറിഞ്ഞിരിക്കുന്നു. |
| | 1 Corinthians 8:3 | But whoever loves God is known by God |
| 20-Feb-21 | ലൂക്കോസ് 10 : 19 | പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്കു അധികാരം തരുന്നു; ഒന്നും നിങ്ങൾക്കു ഒരിക്കലും ദോഷം വരുത്തുകയും ഇല്ല. |
| | Luke 10 : 19 | I have given you authority to trample on snakes and scorpions and to overcome all the power of the enemy; nothing will harm you. |
| 27-Feb-21 | എബ്രായർ 13:8 | യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നേ. |
| | Hebrews 13:8 | Jesus Christ is the same yesterday and today and forever. |
| 6-Mar-21 | മത്തായി 22:37 | യേശു അവനോടു: ‘‘നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം. |
| | Matthew 22:37 | Jesus replied: "'Love the Lord your God with all your heart and with all your soul and with all your mind |

GLORIA FELLOWSHIP - MEMORY VERSES

| DATE | REF | VERSE |
|---|---|---|
| 13-Mar-21 | യിരെമ്യാവു 31:33 | ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാടു. |
| | Jeremiah 31:33 | "I will put my law in their minds and write it on their hearts. I will be their God, and they will be my people. |
| 20-Mar-21 | ഗലാത്യർ 2:20 | ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു |
| | Galatians 2:20 | I have been crucified with Christ. It is no longer I who live, but Christ who lives in me. And the life I now live in the flesh I live by faith in the Son of God, who loved me and gave himself for me. |
| 27-Mar-21 | ദാനീയേൽ 12:03 | എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും. |
| | Daniel 12:03 (ESV) | And those who are wise shall shine like the brightness of the sky above; and those who turn many to righteousness, like the stars forever and ever. |
| 10-Apr-21 | 1 പത്രൊസ് 2:10 | മുമ്പെ നിങ്ങൾ ജനമല്ലാത്തവർ; ഇപ്പോഴോ ദൈവത്തിന്റെ ജനം; കരുണ ലഭിക്കാത്തവർ; ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ. |
| | 1 Peter 2:10 | Once you were not a people, but now you are the people of God; once you had not received mercy, but now you have received mercy. |
| 17-Apr-21 | മത്തായി 4:4 | അതിന്നു അവൻ: ‘‘മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽകൂടി വരുന്ന സകലവചനംകൊണ്ടും ജീവിക്കുന്നു’’എന്നു എഴുതിയിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു. |
| | Matthew 4:4 | One does not live by bread alone, but by every word that comes forth from the mouth of God. |
| 24-Apr-21 | കൊലൊസ്സ്യർ 2:6 | ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ; |
| | Colossians 2:6 | So then, just as you received Christ Jesus as Lord, continue to live your lives in him |
| 24-Apr-21 | 1 യോഹന്നാൻ 2:6 | അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു. |
| | 1 John 2:6 | Whoever claims to live in him must live as Jesus did. |
| 1-May-21 | യോഹന്നാൻ 17:19 | അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന്നു ഞാൻ അവർക്കു വേണ്ടി എന്നെത്തന്നേ വിശുദ്ധീകരിക്കുന്നു. |
| | John 17:19 | And for their sake I consecrate myself, that they also may be consecrated in truth. |
| 8-May-21 | എഫെസ്യർ 5:15–16 | ആകയാൽ സൂക്ഷമത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ. ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ. |
| | Ephesians 5:15-16 (NIV) | Be very careful, then, how you live--not as unwise but as wise, making the most of every opportunity, because the days are evil. |
| 15-May-21 | സങ്കീർത്തനം 30:11 | നീ എന്റെ വിലാപത്തെ എനിക്കു നൃത്തമാക്കിത്തീർത്തു; എന്റെ രട്ടു നീ അഴിച്ചു എന്നെ സന്തോഷം ഉടുപ്പിച്ചിരിക്കുന്നു |
| | Psalms 30:11 | You turned my wailing into dancing; you removed my sackcloth and clothed me with joy, |

GLORIA FELLOWSHIP - MEMORY VERSES

| DATE | REF | VERSE |
|---|---|---|
| 22-May-21 | 1 കൊരിന്ത്യർ 10:12 | ആകയാൽ താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ. |
| | 1 Corinthians 10:12 NIV | So, if you think you are standing firm, be careful that you don't fall! |
| 29-May-21 | മത്തായി 19:26 | യേശു അവരെ നോക്കി: ‘‘അതു മനുഷ്യർക്കു അസാദ്ധ്യം എങ്കിലും ദൈവത്തിന്നു സകലവും സാദ്ധ്യം’’ എന്നു പറഞ്ഞു. |
| | Matthew 19:26 NIV | "With man this is impossible, but with God all things are possible." |
| 5-Jun-21 | എബ്രായർ 3:14 | 14 ആദ്യവിശ്വാസം അവസാനത്തോളം മുറുകെപ്പിടിച്ചുകൊണ്ടാൽ നാം ക്രിസ്തുവിൽ പങ്കാളികളായിത്തീർന്നിരിക്കുന്നുവല്ലോ. |
| | Hebrews 3:14 | For if we are faithful to the end, trusting God just as firmly as when we first believed, we will share in all that belongs to Christ. |
| 12-Jun-21 | മത്തായി 12:36–37 | എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിന്നും ന്യായവിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും എന്നു ഞാൻ നിങ്ങളോടു പറയുന്നു. നിന്റെ വാക്കുകളാൽ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും |
| | Matthew 12:36-37 NLT | And I tell you this, you must give an account on judgment day for every idle word you speak. The words you say will either acquit you or condemn you |
| 19-Jun-21 | എബ്രായർ 10:29 | ദൈവപുത്രനെ ചവിട്ടികളകയും തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്നു നിരൂപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷെക്കു പാത്രമാകും എന്നു വിചാരിപ്പിൻ. |
| | Hebrews 10:29 NLT | Just think how much worse the punishment will be for those who have trampled on the Son of God, and have treated the blood of the covenant, which made us holy, as if it were common and unholy, and have insulted and disdained the Holy Spirit who brings God’s mercy to us. |
| 26-Jun-21 | യോഹന്നാൻ 15:7 | നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും. |
| | John 15:7 NIV | If you remain in me and my words remain in you, ask whatever you wish, and it will be done for you. |
| 3-Jul-21 | 2 പത്രോസ് 1:10 | അതുകൊണ്ടു സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ. |
| | 2 Peter 1:10 NIV | Therefore, my brothers and sisters, make every effort to confirm your calling and election. |
| 10-Jul-21 | വെളിപ്പാടു 3:10 | സഹിഷ്ണതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന്നു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു ഞാനും നിന്നെ കാക്കും. |
| | Revelation 3:10 NIV | Since you have kept my command to endure patiently, I will also keep you from the hour of trial that is going to come on the whole world to test the inhabitants of the earth. |
| 17-Jul-21 | 1 കൊരിന്ത്യർ 2:9 | ‘ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല.’ എന്നു എഴുതിയിരിക്കുന്നതുപോലെ തന്നേ. |
| | 1 Corinthians 2:9 NLT | “No eye has seen, no ear has heard, and no mind has imagined what God has prepared for those who love him.” |

**GLORIA FELLOWSHIP - MEMORY VERSES**

| DATE | REF | VERSE |
|---|---|---|
| 24-Jul-21 | സംഖ്യാപുസ്തകം 21:07 | ആകയാൽ ജനം മോശെയുടെ അടുക്കൽ വന്നു; ഞങ്ങൾ യഹോവെക്കും നിനക്കും വിരോധമായി സംസാരിച്ചതിനാൽ പാപം ചെയ്തിരിക്കുന്നു. സർപ്പങ്ങളെ ഞങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളവാൻ യഹോവയോടു പ്രാർത്ഥിക്കേണം എന്നു പറഞ്ഞു; മോശെ ജനത്തിന്നുവേണ്ടി പ്രാർത്ഥിച്ചു. |
| | Number 21:07 KJV | Therefore the people came to Moses, and said, We have sinned, for we have spoken against the LORD, and against thee; pray unto the LORD, that he take away the serpents from us. And Moses prayed for the people. |
| 31-Jul-21 | 1 യോഹന്നാൻ 5:4 | ദൈവത്തിൽനിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ. |
| | 1 John 05:04 ESV | For everyone who has been born of God overcomes the world. And this is the victory that has overcome the world—our faith. |
| 7-Aug-21 | 2 കൊരിന്ത്യർ 07:01 | പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കു ഉള്ളതുകൊണ്ടു നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നേ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികെച്ചുകൊൾക. |
| | 2 Corinthians 07:01 NIV | Therefore, since we have these promises, dear friends, let us purify ourselves from everything that contaminates body and spirit, perfecting holiness out of reverence for God. |
| 14-Aug-21 | റോമർ 8:28 | എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു. |
| | Romans 8:28 NIV | And we know that in all things God works for the good of those who love him, who have been called according to his purpose. |
| 21-Aug-21 | യൂദാ 2021 | നിങ്ങളോ, പ്രിയമുള്ളവരേ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നേ ആത്മികവർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും നിത്യജീവന്നായിട്ടു<br>21 നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണെക്കായി കാത്തിരുന്നുംകൊണ്ടു ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നേ സൂക്ഷിച്ചുകൊൾവിൻ. |
| | Jude 20-21 NKJV | But you, beloved, building yourselves up on your most holy faith, praying in the Holy Spirit, keep yourselves in the love of God, looking for the mercy of our Lord Jesus Christ unto eternal life. |
| 28-Aug-21 | കൊലൊസ്സ്യർ 3:1–2 | ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തുദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ. |
| | Colossians 3:1-2 NIV | Since, then, you have been raised with Christ, set your hearts on things above, where Christ is, seated at the right hand of God. Set your minds on things above, not on earthly things. |
| 4-Sep-21 | എഫെസ്യർ 1:3 | സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ. |
| | Ephessians 1:3 ESV | Blessed be the God and Father of our Lord Jesus Christ, who has blessed us in Christ with every spiritual blessing in the heavenly places, |

## GLORIA FELLOWSHIP - MEMORY VERSES

| DATE | REF | VERSE |
|---|---|---|
| 11-Sep-21 | യേഹെസ്കേൽ 36:26 | ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. |
| | Ezekiel 36:26 NIV | I will give you a new heart and put a new spirit in you; I will remove from you your heart of stone and give you a heart of flesh. |
| 18-Sep-21 | കൊലൊസ്സ്യർ 3:04 | നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും. |
| | Colossians 3:04 ESV | When Christ who is your life appears, then you also will appear with him in glory. |
| 25-Sep-21 | 1 പത്രൊസ് 3:09 | ദോഷത്തിന്നു ദോഷവും ശകാരത്തിന്നു ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിക്കേണ്ടതിന്നു വിളിക്കപ്പെട്ടതുകൊണ്ടു അനുഗ്രഹിക്കുന്നവരായിരിപ്പിൻ. |
| | 1 Peter 3:09 NIV | Do not repay evil with evil or insult with insult. On the contrary, repay evil with blessing, because to this you were called so that you may inherit a blessing. |
| 2-Oct-21 | എബ്രായർ 10:38 | എന്നാൽ ‘‘എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിൻമാറുന്നു എങ്കിൽ എന്റെ ഉള്ളത്തിന്നു അവനിൽ പ്രസാദമില്ല’’. |
| | Hebrews 10:38 NLT | "And my righteous ones will live by faith. But I will take no pleasure in anyone who turns away.” |
| 9-Oct-21 | ഗലാത്യർ 06:08 | ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും. |
| | Galatians 06:08 NLT | Those who live only to satisfy their own sinful nature will harvest decay and death from that sinful nature. But those who live to please the Spirit will harvest everlasting life from the Spirit. |
| 16-Oct-21 | എഫേസ്യർ 6:10 | ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ. |
| | Ephesians 06:10 NIV | Finally, be strong in the Lord and in his mighty power. |
| 23-Oct-21 | 2 കൊരിന്ത്യർ 1:4 | ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസംകൊണ്ടു ഞങ്ങൾ യാതൊരു കഷ്ടത്തിലുമുള്ളവരെ ആശ്വസിപ്പിപ്പാൻ ശക്തരാകേണ്ടതിന്നു ഞങ്ങൾക്കുള്ള കഷ്ടത്തിൽ ഒക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു |
| | 2 Corinthians 1:3-4 NIV | Praise be to the God and Father of our Lord Jesus Christ, the Father of compassion and the God of all comfort, who comforts us in all our troubles, so that we can comfort those in any trouble with the comfort we ourselves receive from God. |
| 30-Oct-21 | ആവർത്തനം 31:6 | ബലവും ധൈര്യവുമുള്ളവരായിരിപ്പിൻ; അവരെ പേടിക്കരുതു, ഭ്രമിക്കയുമരുതു; നിന്റെ ദൈവമായ യഹോവ തന്നേ നിന്നോടുകൂടെ പോരുന്നു; അവൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല. |
| | Deuteronomy 31:6 NIV | Be strong and courageous. Do not be afraid or terrified because of them, for the LORD your God goes with you; he will never leave you nor forsake you.” |
| 6-Nov-21 | റോമർ 8:6 | ജഡത്തിന്റെ ചിന്ത മരണം; ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നേ. |
| | Romans 8:6 NLT | So letting your sinful nature control your mind leads to death. But letting the Spirit control your mind leads to life and peace. |

## GLORIA FELLOWSHIP - MEMORY VERSES

| DATE | REF | VERSE |
|---|---|---|
| 13-Nov-21 | എബ്രായർ<br>9:28 | ക്രിസ്തുവും അങ്ങനെ തന്നേ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷെക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും. |
| | Hebrews 9:28<br>ESV | so Christ, having been offered once to bear the sins of many, will appear a second time, not to deal with sin but to save those who are eagerly waiting for him. |
| 20-Nov-21 | 1 തെസ്സലൊനീക്യർ<br>5:23 | സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ. |
| | 1 Thessalonians 5:23<br>NLT | Now may the God of peace make you holy in every way, and may your whole spirit and soul and body be kept blameless until our Lord Jesus Christ comes again. |
| 27-Nov-21 | 1 തിമൊഥെയൊസ്<br>6:12 | വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ പിടിച്ചുകൊൾക; അതിന്നായി നീ വിളിക്കപ്പെട്ടു അനേകം സാക്ഷികളുടെ മുമ്പാകെ നല്ല സ്വീകാരം കഴിച്ചുവല്ലോ |
| | 1 Timothy 06:12<br>GNT | Run your best in the race of faith, and win eternal life for yourself; for it was to this life that God called you when you firmly professed your faith before many witnesses. |
| 4-Dec-21 | 2 കൊരിന്ത്യർ<br>4:17–18 | നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നതു താൽക്കാലികം, കാണാത്തതോ നിത്യം. |
| | 2 Corinthians<br>4:17-18<br>NIV | For our light and momentary troubles are achieving for us an eternal glory that far outweighs them all. So we fix our eyes not on what is seen, but on what is unseen, since what is seen is temporary, but what is unseen is eternal. |
| 11-Dec-21 | എബ്രായർ<br>13:20–21 | നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽനിന്നു മടക്കിവരുത്തിയ സമാധാനത്തിന്റെ ദൈവം നിങ്ങളെ അവന്റെ ഇഷ്ടം ചെയ്‌വാൻ തക്കവണ്ണം എല്ലാനന്മയിലും യഥാസ്ഥാനപ്പെടുത്തി തനിക്കു പ്രസാദമുള്ളതു യേശുക്രിസ്തുമുഖാന്തരം നമ്മിൽ നിവർത്തിക്കുമാറാകട്ടെ; അവന്നു എന്നേക്കും മഹത്വം. ആമേൻ. |
| | Hebrews 13:20-21 | Now may the God of peace, who through the blood of the eternal covenant brought back from the dead our Lord Jesus, that great Shepherd of the sheep, equip you with everything good for doing his will, and may he work in us what is pleasing to him, through Jesus Christ, to whom be glory for ever and ever. Amen. |
| 18-Dec-21 | യെശയ്യാവ്<br>60:1–2 | എഴുന്നേറ്റു പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സും നിന്റെമേൽ ഉദിച്ചിരിക്കുന്നു. അന്ധകാരം ഭൂമിയെയും കൂരിരുട്ടു ജാതികളെയും മൂടുന്നു; നിന്റെമേലോ യഹോവ ഉദിക്കും; അവന്റെ തേജസ്സും നിന്റെമേൽ പ്രത്യക്ഷമാകും. |
| | Isaiah 60:1-2<br>NLT | “Arise, Let your light shine for all to see. For the glory of the Lord rises to shine on you. Darkness as black as night covers all the nations of the earth, but the glory of the Lord rises and appears over you. |